ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം ഗ്രഡ്സ് ടെസ്റ്റിംഗ് ലാബിൽ അയയ്ക്കാറുണ്ട്. ടി പരിശോധനയിൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി വകുപ്പുതല നടപടികളും നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്.

കുട്ടികൾക്കുള്ള സൗജന്യ ചികിത്സാ പദ്ധതികൾ

9 (585) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൈപ്പ് ഒന്ന് പ്രമേഹബാധിതരായ കുട്ടികൾക്ക് ഇൻസുലിൻ ഉപയോഗിച്ചുള്ള ചികിത്സ ആജീവനാന്തം ആവശ്യമാണെന്നിരിക്കെ അവർക്ക് ഇൻസുലിൻ സൗജന്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കുട്ടികളുടെ ഏതെല്ലാം ഗുരുതര രോഗങ്ങൾക്കാണ് സൗജന്യ ചികിത്സാ പദ്ധതികൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) കാൻസർ സുരക്ഷാ സ്കീംവഴി മാരകമായ കാൻസർ രോഗമുള്ള 18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക് എ.പി.എൽ., ബി.പി.എൽ തരം തിരിവില്ലാതെ സൗജന്യ ചികിത്സ നല്കിവരുന്നു. ഈ സൗകര്യം എല്ലാ മെഡിക്കൽ കോളേജുകളിലും ആർ.സി.സി., എം.സി.സി, ജനറൽ ഹോസ്പിറ്റൽ എറണാകുളം, പരിയാരം മെഡിക്കൽ കോളേജ് എന്നീ ഹോസ്പിറ്റലുകളിലും ലഭ്യമാണ്.

കാൻസർ അല്ലാതുള്ള മാരക രോഗങ്ങളുള്ള 18 വയസിന് താഴെ പ്രായമുള്ള കുട്ടികൾക്ക് താലോലം പദ്ധതിവഴി ചികിത്സാ സഹായം ലഭ്യമാകുന്നു.

സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ഗവൺമെന്റ് ഹോസ്പിറ്റലുകളിലും ഈ പദ്ധതി വഴിയുള്ള സഹായം ലഭ്യമാണ്.

സ്വകാര്യ ആശുപത്രികളിൽ ബി.പി.എൽ പരിധിയിൽപ്പെടുന്നവർക്ക് സൗജന്യ ചികിത്സ

10 (586) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ വ്യവസായം എന്ന നിലയിൽ മാത്രം നടത്താൻ ശ്രമിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly